സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം
Independent Daily
പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാള്യം: 62 ലക്കം: 180 **2026 ഒക്ടോബർ 09 വെള്ളി** പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

പ്രേമചന്ദ്രൻ എംപിക്ക് വിദേശസന്ദർശനത്തിനിടെ വീണ് പരിക്ക്

കൊല്ലം: ടോയ്‌ലറ്റിൽ നിന്നും പുറത്തിറങ്ങവെ കാൽവഴുതി വീണ് കൊല്ലം എംപി എൻ കെ പ്രേമചന്ദ്രന് പരിക്കേറ്റു. ടാൻസാനിയയിൽ നടക്കുന്ന ഐപിയു സമ്മേളനവുമായി (ഇന്റർപാർലമെന്ററി യൂണിയൻ) ബന്ധപ്പെട്ട യാത്രക്കിടെയാണ് സംഭവം. ഇടത് കൈക്കുഴയ്ക്ക് പൊട്ടലുണ്ടായതായും ഇന്ന് ശസ്ത്രക്രിയ വേണമെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചെന്ന കുറിപ്പും ആശുപത്രിയിൽ കിടക്കുന്ന ചിത്രവും എംപി തന്നെ സമൂഹമാദ്ധ്യമത്തിൽ പങ്കുവച്ചിട്ടുണ്ട്. ശസ്ത്രക്രിയയ്ക്കായി ഇന്ന് രാവിലെ ഡൽഹിയിൽ എത്തിക്കുമെന്നാണ് വിവരം. ടാൻസാനിയയിൽ നടക്കുന്ന ഐപിയു സമ്മേളനവുമായി ബന്ധപ്പെട്ട യാത്രക്കിടെ വഴിയോരത്തുള്ള ബാത്ത്റൂമിൽ നിന്ന് പുറത്തിറങ്ങവേ കാൽ വഴുതി വീണു പരിക്കേറ്റു. ടാൻസാനിയയിലെ ആശുപത്രിയിൽ ചികിത്സയിലാണ്. വീഴ്ചയിൽ ഇടതു കൈകുഴയ്ക്ക് പൊട്ടലുണ്ട്. ശസ്ത്രക്രിയ വേണമെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചു. ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം ശസ്ത്രക്രിയയ്ക്കായി ഡൽഹിയിൽ എത്തിച്ചേരും.

പിടിമുറുക്കാൻ വിജിലൻസും ഇഡിയും; സർക്കാരിനും തിരിച്ചടി

പിണറായിയും റിയാസും വീണയും പ്രതികളാകും

കൊച്ചി: സിഎംആർഎൽ -എക്സാലോജിക് സാമ്പത്തിക ഇടപാടിൽ എഫ്ഐആർ റജിസ്റ്റർ ചെയ്യണമെന്ന ഹൈക്കോടതി ഉത്തരവിൽ സർക്കാരിനും തിരിച്ചടി. എസ്ഐടി രൂപീകരിച്ച ഡിജിപിയുടെ ഉത്തരവ് നിയമവിരുദ്ധമെന്നു വിലയിരുത്തിയ ഹൈക്കോടതി ഉത്തരവ് റദ്ദാക്കി. കേസ് റജിസ്റ്റർ ചെയ്യാൻ വിജിലൻസിന് നിർദേശം നൽകി. പ്രതിപക്ഷ നേതാവ് പിണറായി വിജയനൊപ്പം മുൻ മന്ത്രി മുഹമ്മദ് റിയാസ്, ഭാര്യ വീണ എന്നിവരും പ്രതികളാകും. വിജിലൻസ് എഫ്ഐആർ ഇട്ടാൽ ഇ.ഡി ഉടൻ പുതിയ ഇസിഐആർ രജിസ്റ്റർ ചെയ്യും.

ഇ.ഡി നൽകിയ കത്തിൽ ഗുരുതരമായ കുറ്റകൃത്യമാണു വെളിപ്പെടുന്നതെന്നും എഫ്ഐആർ റജിസ്റ്റർ ചെയ്യുന്നതിനു മുൻപ് പ്രാഥമിക അന്വേഷണത്തിന്റെ ആവശ്യമില്ലെന്നും ചൂണ്ടിക്കാട്ടി അഡ്വ.കെ.എം. ഷാജഹാൻ നൽകിയ ഹർജിയിലാണു ജസ്റ്റിസ് എ.ബദറുദ്ദീൻ വിധി പറഞ്ഞത്. കോടതി ഉത്തരവോടെ കേസുമായി ബന്ധപ്പെട്ട സി.പി.എം വാദങ്ങൾ പൊളിഞ്ഞെന്ന് ഹർജി നൽകിയ കെ.എം.ഷാജഹാൻ പ്രതികരിച്ചു. പിണറായി തുടരാൻ അർഹനാണോയെന്ന് പാർട്ടി തീരുമാനിക്കണം. താൻ തുടരുന്നത് അന്തരിച്ച മുൻമുഖ്യമന്ത്രി വി.എസ് അച്യുതാനന്ദന്റെ പോരാട്ടമാണ്. വിഎസിന്റെ അഴിമതിവിരുദ്ധ പോരാട്ടത്തിന്റെ തുടർച്ചയാണിത്. കോടതിയിൽ നേടിയ വിജയം വി.എസിന് സമർപ്പിക്കുന്നെന്നും ഷാജഹാൻ പറഞ്ഞു.

അതേസമയം, കോടതി ഉത്തരവിനെ നിയമപരമായും രാഷ്ട്രീയമായും നേരിടുമെന്ന് സിപിഎം സെക്രട്ടേറിയറ്റ് അംഗം എം.വി.ജയരാജൻ പറഞ്ഞു. കോടതി ഉത്തരവ് ബന്ധപ്പെട്ടവരെ കേൾക്കാതെയാണ്. ഇ.ഡി വ്യാജരേഖകളും മൊഴികളും ഉണ്ടാക്കി. റിയാസിന്റെ സുഹൃത്തിനെ ഇ.ഡി ഭീഷണിപ്പെടുത്തിയെന്നും എം.വി ജയരാജൻ കുറ്റപ്പെടുത്തി. കോടതി ഉത്തരവിനെ നിയമപരമായും രാഷ്ട്രീയമായും നേരിടുമെന്ന് ജോൺ ബ്രിട്ടാസ് എം.പി പറഞ്ഞു. ഇഡിയുടെ രാഷ്ട്രീയക്കളിയെന്ന് ഇതിനു പിന്നിലെന്ന് സിപിഎം നേതാവ് പി.ജയരാജൻ ആരോപിച്ചു. എഫ്ഐആർ ഇടണമെന്ന ഹർജിയടക്കം രാഷ്ട്രീയക്കളിയാണ്. ഹർജിക്കാരൻ കെഎം. ഷാജഹാൻ പിണറായി വേട്ടക്കാരനാണെന്നും ജയരാജൻ കുറ്റപ്പെടുത്തി.

അന്വേഷണത്തിൽ കണ്ടെത്തിയ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് ഇ.ഡി നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ ആദ്യം തന്നെ പൊലീസ് എഫ്ഐആർ റജിസ്റ്റർ ചെയ്യേണ്ടതു നിർബന്ധമാണോ എന്നതിലെ നിയമപ്രശ്നമാണു ഹൈക്കോടതി പരിശോധിച്ചത്. ഡിജിപിക്ക് ഇ.ഡി നൽകിയ കത്തിന്റെ പകർപ്പ് മുദ്രവച്ച കവറിൽ കോടതിയിൽ ഹാജരാക്കിയിരുന്നു. എന്നാൽ ഹർജി തന്നെ നിലനിൽക്കില്ലെന്നായിരുന്നു സർക്കാരിന്റെ വാദം. ആദ്യം തന്നെ എഫ്ഐആർ റജിസ്റ്റർ ചെയ്യേണ്ടതില്ലെന്നും ഇതുസംബന്ധിച്ചു സുപ്രീം കോടതി ഉത്തരവുണ്ടെന്നും സർക്കാർ നേരത്തെ അറിയിച്ചിരുന്നു

അതേസമയം, ഹർജിക്കാരന്റെ വാദത്തിന് അനുകൂലമായ നിലപാട് സ്വീകരിച്ച ഇ.ഡി, കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമത്തിന്റെ 66 (2) പ്രകാരം നൽകിയ കത്തിൽ എഫ്ഐആർ റജിസ്റ്റർ ചെയ്യുന്നതു സുപ്രീം കോടതി വിധികളുടെ അടിസ്ഥാനത്തിൽ നിർബന്ധമാണെന്നു വാദിച്ചു. ഗുരുതര സ്വഭാവമുള്ളതാണ് കുറ്റകൃത്യം. പ്രാഥമിക അന്വേഷണത്തിന്റെ ചോദ്യം ഉയരുന്നില്ലെന്നും എഫ്ഐആർ റജിസ്റ്റർ ചെയ്യാൻ ബാധ്യതയുണ്ടെന്നുമാണ് ഇ.ഡിയുടെ വാദം.

ഇഡിയുടെ കത്തിൽ കേസെടുക്കുന്നതിൽ സർക്കാർ തുടക്കംമുതലേ വിമുഖത കാണിച്ചിരുന്നു. ഇഡി റിപ്പോർട്ടിൽ യുഡിഎഫ് നേതാക്കളുടെയും ആഭ്യന്തര മന്ത്രി അടക്കമുള്ളവരുടെയും പേരുകൾ പരാമർശിക്കുന്ന പശ്ചാത്തലത്തിലാണ് ഈ വിമുഖതയെന്നായിരുന്നു ആക്ഷേപം.

പറ്റിക്കാൻ ആണെങ്കിലും ഇങ്ങനെയൊന്നും പറയരുതായിരുന്നു’; വാഹന മോഡിഫിക്കേഷനിൽ മുഖ്യമന്ത്രിയെ പരിഹസിച്ച് ഗണേഷ്‌കുമാർ

തിരു : നിയമസഭാ തെരഞ്ഞെടുപ്പ് വേളയിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ നൽകിയ വാഗ്ദാനമായിരുന്നു വാഹനം മോഡിഫിക്കേഷൻ നൽകാനുള്ള അനുമതി നൽകുമെന്ന്. മുഖ്യമന്ത്രി വാക്കുപാലിച്ചെങ്കിലും വാഹന ഉടമകൾ പ്രതീക്ഷിച്ച രീതിയിലുള്ള മോഡിഫിക്കേഷന് മോട്ടോർ വാഹനവകുപ്പ് അനുമതി നൽകിയില്ല. ഇതുമായി ബന്ധപ്പെട്ട് അനുമതിയോടെ ചെയ്യാവുന്ന മോഡിഫിക്കേഷനുകളിൽ വ്യക്തത വരുത്തിയ മോട്ടോർ വാഹനവകുപ്പ് സർക്കുലർ ഏറെ വിമർശനങ്ങൾക്ക് വഴിവെച്ചിരുന്നു. ഇതിന് പിന്നാലെയാണ് മുഖ്യമന്ത്രി വി.ഡി. സതീശനെ പരിഹസിച്ച് മുൻ ഗതാഗത മന്ത്രി കെ.ബി. ഗണേഷ് കുമാർ രംഗത്തെത്തിയത്.

സാമൂഹിക മാധ്യമമായ ഫേസ്ബുക്കിലൂടെയാണ് ഗണേഷ് കുമാർ മുഖ്യമന്ത്രിയെ പരിഹസിച്ചത്. ‘പറ്റിക്കാൻ ആണെങ്കിലും ഇങ്ങനെയൊന്നും പറയരുതായിരുന്നു’ എന്നായിരുന്നു ഗണേഷ് കുറിച്ചത്. ‘അന്നേ പറഞ്ഞു ഇത് നടക്കില്ലായെന്ന്, കാരണം കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒരു സംസ്ഥാനത്തിന് മാത്രമായി മാറ്റാൻ കഴിയില്ല. കോടതിയെയും കേന്ദ്ര മോട്ടോർ വാഹന നിയമങ്ങളെയും മറികടന്ന് എങ്ങനെ സംസ്ഥാന സർക്കാരിന് മാത്രമായി മോഡിഫിക്കേഷൻ നടത്താൻ പറ്റും.’ - ഗണേഷ് കുമാർ ചോദിച്ചു.

അതേസമയം, മോഡിഫിക്കേഷനുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് സർക്കുലർ പുറത്തിറക്കിയിരുന്നു. ഇതിൽ പലതും മാനദണ്ഡങ്ങൾക്ക് വിധേയമായി നിലവിൽ ചെയ്യാവുന്നതാണെങ്കിലും ‘പൊതുജനങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ രൂപമാറ്റങ്ങൾക്ക് അനുവാദം നൽകി’ എന്ന നിലയിലാണ് ഗതാഗത കമ്മിഷണറേറ്റ് അവതരിപ്പിച്ചത്. സെൻട്രൽ മോട്ടോർ വെഹിക്കിൾസ് റൂൾസ് പ്രകാരം, ഇന്ധനം മാറ്റൽ, എൻജിൻ അല്ലെങ്കിൽ ചേസിസ് മാറ്റൽ, ബോഡി ഘടന മാറ്റൽ തുടങ്ങിയ ഏത് മാറ്റങ്ങളും കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത മാനദണ്ഡം പാലിച്ചു മാത്രമേ ചെയ്യാൻ പാടുള്ളൂ എന്നും സർക്കുലറിൽ പറയുന്നുണ്ട്.

പ്രതിയായ ആൾക്ക് പ്രതിപക്ഷ നേതാവാകാൻ അർഹതയില്ല; പിണറായി വിജയൻ രാജിവെക്കണം: ഷോൺ ജോർജ്

തിരു: സി.എം.ആർ.എൽഎക്സാലോജിക് സാമ്പത്തിക ഇടപാടിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യണമെന്ന ഹൈക്കോടതി ഉത്തരവിൽ പ്രതികരണവുമായി ബി.ജെ.പി സംസ്ഥാന വൈസ് പ്രസിഡന്റ് ഷോൺ ജോർജ്. ഡി.ജി.പിയുടെ ഉത്തരവ് നിയമവിരുദ്ധമെന്നു വിലയിരുത്തിയ ഹൈക്കോടതി ഉത്തരവ് റദ്ദാക്കിതിനുപിന്നാലെ, പ്രതിപക്ഷ നേതാവ് പിണറായി വിജയനെതിരെ കേസെടുക്കാൻ സംസ്ഥാന സർക്കാറിന് യാതൊരു തടസ്സവുമില്ലെന്ന് ഷോൺ ജോർജ് വ്യക്തമാക്കി.

പൂർണമായും നിയമപരമായി മുന്നോട്ടുപോകാനാണ് മുമ്പും സർക്കാർ തീരുമാനിച്ചതെന്നും ഇനി എഫ്.ഐ.ആർ ഇടാൻ സാധ്യമാണന്നും മന്ത്രി പറഞ്ഞു. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്താൽ പിന്നീട് ഒരു മണിക്കൂർ പോലും പ്രതിപക്ഷ നേതാവാകാൻ അർഹതയില്ല പിണറായിക്ക് അർഹതയില്ല. കൈക്കൂലി, ഹവാല ഉൾപ്പെടെയുള്ള കേസുകളിൽ പ്രതിയാണ്, പ്രതിയായ ഒരാൾ ഒരിക്കലും ആ പദവിയിൽ തുടരാൻ പാടില്ല. അതുകൊണ്ട് പിണറായി വിജയൻ രാജിവെക്കണമെന്നും ഷോൺ ജോർജ് വ്യക്തമാക്കി.

‘സൗജന്യ പ്രഭാഷണം’ ഈ സർക്കാർ ഭയന്നു എന്നതിന്റെ തെളിവ് –ബ്രിട്ടാസ്

ന്യൂഡൽഹി: ഗ്യാനേഷ് കുമാറിനെതിരെ നടക്കുന്ന സമരങ്ങളിൽ പങ്കെടുക്കരുതെന്ന് ഡൽഹി പൊലീസ് മുസ്‌ലിം പള്ളികളിൽ കയറി പറയുന്നത് ഈ സർക്കാർ അങ്കലാപ്പിലാണെന്നതിന്റെ വ്യക്തമായ തെളിവാണെന്ന് ജോൺ ബ്രിട്ടാസ് എം.പി. ജനം ഈ പ്രതിഷേധത്തിനൊപ്പമാണെന്ന് സർക്കാർ മനസ്സിലാക്കിക്കഴിഞ്ഞു. അതിനെ ഏതുവിധേനയും തകർക്കാനാണ് ഇത്തരം നീക്കങ്ങൾ നടക്കുന്നത്. എന്നാൽ, ഇതെല്ലാം ഈ പ്രക്ഷോഭത്തെ കൂടുതൽ ആളിക്കത്തിക്കാനേ ഉപകരിക്കൂ എന്നും അദ്ദേഹം പറഞ്ഞു.

‘ഡൽഹി പൊലീസ് ഉദ്യോഗസ്ഥൻ പഴയ ഡൽഹിയിലെ ഒരു പള്ളിയിൽ എത്തുകയും, ഫോണിൽ നിന്നുള്ള വിവരങ്ങൾ വായിച്ചുകേൾപ്പിച്ചുകൊണ്ട് നാളെ സി.ജെ.പി നടത്തുന്ന പ്രതിഷേധത്തിൽ പങ്കെടുക്കരുതെന്ന് ആളുകളോട് ആവശ്യപ്പെടുകയും ചെയ്യുന്ന ദൃശ്യമാണിത്. ‘നിങ്ങളുടെ കൂട്ടുകാരോടും കുടുംബാംഗങ്ങളോടും കുട്ടികളോടും അനാവശ്യമായി കൂട്ടം കൂടുകയോ ഏതെങ്കിലും തരത്തിലുള്ള പ്രതിഷേധങ്ങളിൽ പങ്കെടുക്കുകയോ ചെയ്യരുതെന്ന് ഉപദേശിക്കുക‘ എന്നാണ് അദ്ദേഹം പരസ്യമായി ആവശ്യപ്പെടുന്നത്.

ഉപതെരഞ്ഞെടുപ്പ് ഫലം; നന്ദിഗ്രാമിലും റെജിനഗറിലും ബിജെപിക്ക് ലീഡ്; തമിഴ്നാട്ടിൽ ടിവികെയും AIADMKയും

ന്യൂഡൽഹി: രാജ്യത്ത് നിയമസഭാ സീറ്റുകളിലേക്ക് ഉപതിരഞ്ഞെടുപ്പ് നടന്ന അഞ്ച് മണ്ഡലങ്ങളിലെയും അസമിലെ നഗോൺ ലോക്സഭ സീറ്റിലെയും വോട്ടെണ്ണൽ പുരോഗമിക്കുമ്പോൾ മൂന്ന് അസംബ്ലി സീറ്റുകളിലും ലോക്സഭാ സീറ്റിലും ബിജെപി ലീഡ് ചെയ്യുന്നു. ബംഗാളിലെ നന്ദിഗ്രാം,റെജിനഗർ, തമിഴ്നാട്ടിലെ ധാരാപുരം, മധുരാന്തകം എന്നിവിടങ്ങളിലും പുതുച്ചേരിയിലെ തട്ടാൻചാവടിയിലുമാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്.

ബംഗാളിലെ നന്ദിഗ്രാമിലും റെജിനഗറിലും ബിജെപിക്കാണ് ലീഡ്. ബംഗാളിൽ 15 വർഷത്തെ ടിഎംസി ഭരണം അവസാനിപ്പിച്ച് ബിജെപി അധികാരത്തിലേറിയ ശേഷമുള്ള ആദ്യ ഉപതിരഞ്ഞെടുപ്പാണിത്. നിയമസഭാ തിരഞ്ഞെടുപ്പിൽ നന്ദിഗ്രമിലും ഭബാനിപുരിലും സുവേന്ദു അധികാരി ജയിച്ചതോടെയാണ് നന്ദിഗ്രാമിൽ ഉപതിരഞ്ഞെടുപ്പ് നടന്നത്. സുവേന്ദുവിന്റെ ഉറ്റ അനുയായി ആയിരുന്ന ചന്ദ്രനാഥ് രാഥിന്റെ അമ്മ ഹസിരാണിയെയാണ് ബിജെപി നന്ദിഗ്രാമിലെ സ്ഥാനാർഥിയാക്കിയത്. കോൺഗ്രസിന്റെ മിലൻ പ്രധാനായിരുന്നു മമതാ ബാനർജിയുടെ പിന്തുണ.

ആം ജനത ഉന്നയാൻ പാർട്ടി നേതാവ് ഹുമയൂൺ കബീർ നൗഡയിൽ കൂടി ജയിച്ചതോടെയാണ് റെജിനഗറിൽ ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടത്. ഹുമയൂണിന്റെ മകനായ ഗോലം നബി ആസാദാണ് ബിജെപിയുടെ സഹറാവ് സർക്കാരിനെതിരെ മൽസരിച്ചത്. രണ്ടിടത്തും ബിജെപി ലീഡെടുത്തതോടെ ഭരണവിരുദ്ധ വികാരമില്ലെന്ന വിലയിരുത്തലാണ് നേതാക്കൾക്കുള്ളത്. അതേസമയം, രണ്ടിടത്തും വലിയ ക്രമക്കേട് നടന്നതായി കോൺഗ്രസും തൃണമൂലും ആരോപിച്ചിരുന്നു. തമിഴ്നാട്ടിലെ മധുരാന്തകത്ത് ടിവികെയാണ് ലീഡ് ചെയ്യുന്നത്. അതേസമയം ധാരാപുരത്ത് അണ്ണാ ഡിഎംകെയും മുന്നേറുന്നു. പുതുച്ചേരിയിൽ എൻഡിഎയും അസമിൽ ബിജെപിക്കുമാണ് ലീഡ്.

ഇന്ത്യക്ക് ട്രംപിന്റെ വക എട്ടിന്റെ പണി; എട്ട് ഐടി കമ്പനികൾക്ക് അമേരിക്കയിൽ വിലക്ക്, ആശങ്കയിൽ ഇന്ത്യക്കാർ

ന്യൂഡൽഹി: ഇന്ത്യയുടെ ഉറ്റചങ്ങാതിയെന്ന് അവകാശപ്പെടുന്ന അമേരിക്കയുടെ പുതിയ നീക്കം ഇന്ത്യൻ ഐടി മേഖലയ്ക്ക് തിരിച്ചടിയാകുന്നു. ഗ്രീൻ കാർഡ് നടപടികളിലെ നിർണായക ഘട്ടമായ പെർമനന്റ് ലേബർ സർട്ടിഫിക്കേഷൻ (പിഇആർഎം) പദ്ധതിയിൽ നിന്ന് ടാറ്റ, വിപ്രോ, ഇൻഫോസിസ്, മൈക്രോസോഫ്റ്റ് ഉൾപ്പെടെ പ്രമുഖ ഐടി കമ്പനികളെ വിലക്കിയിരിക്കുകയാണ് അമേരിക്കൻ ഭരണകൂടം. ട്രംപിന്റെ ഈ നീക്കം അമേരിക്കയിൽ ജോലിചെയ്യുന്ന ആയിരക്കണക്കിന് ഇന്ത്യൻ പ്രൊഫഷണലുകളുടെ സ്വപ്നങ്ങൾക്ക് തിരിച്ചടിയായേക്കും.

അമേരിക്കൻ പൗരന്മാരുടെ തൊഴിലവസരങ്ങൾ വിദേശ തൊഴിലാളികൾ കൈയടക്കുന്നുവെന്ന ആരോപണത്തെ തുടർന്നാണ് നടപടി. വിദേശ തൊഴിലാളികളെ നിയമിക്കുന്നതിന് കമ്പനികൾ കുടിയേറ്റ സംവിധാനങ്ങൾ ദുരുപയോഗം ചെയ്തതായും ഭരണകൂടം ആരോപിക്കുന്നു. അഡോബി, കോഗ്നിസന്റ്, എച്ച്സിഎൽ, ക്യാപ്ജെമിനി എന്നിവയാണ് നടപടിയുടെ പരിധിയിലുള്ള മറ്റ് കമ്പനികൾ. അമേരിക്കൻ ഭരണകൂടം എച്ച്1ബി വിസ നിയമനങ്ങളിൽ പരിശോധനകൾ ശക്തമാക്കുന്നതിനിടെയാണ് പുതിയ നീക്കം.

തൊഴിൽദാതാവ് സ്പോൺസർ ചെയ്യുന്ന ഗ്രീൻ കാർഡ് ലഭിക്കുന്നതിനുള്ള നിർണായക ഘട്ടമാണ് പിഇആർഎം. ഇതിലേക്കുള്ള അപേക്ഷകൾ പുതുതായി സ്വീകരിക്കില്ലെന്നും നിലവിലുള്ള അപേക്ഷകളുടെ നടപടികൾ മുന്നോട്ട് കൊണ്ടുപോകില്ലെന്നുമാണ് അമേരിക്കൻ സർക്കാരിന്റെ നിലപാട്. ഇതോടെ സ്ഥിരതാമസത്തിനായി ഗ്രീൻ കാർഡിനെ ആശ്രയിക്കുന്ന ഇന്ത്യൻ ജീവനക്കാർ അനിശ്ചിതത്വത്തിലായേക്കും.

അതേസമയം, നടപടി നിലവിലുള്ള എച്ച്1ബി വിസകൾ സ്വമേധയാ റദ്ദാക്കുന്നതിന് തുല്യമല്ല. ഇന്ത്യക്കാർക്ക് ഇബി–2, ഇബി–3 വിഭാഗങ്ങളിൽ ഗ്രീൻ കാർഡ് ലഭിക്കുന്നതിനുള്ള ദീർഘകാലം കാത്തിരിക്കേണ്ടിവരുന്നത് ഇതിനകം വലിയ വെല്ലുവിളിയാണ്. പുതിയ നിയന്ത്രണം കാത്തിരിപ്പ് കൂടുതൽ നീട്ടിയേക്കും. കമ്പനികൾ ഭാവിയിൽ ഗ്രീൻ കാർഡ് സ്പോൺസർഷിപ് കുറച്ച് അമേരിക്കൻ തൊഴിലാളികളുടെ നിയമനം വർദ്ധിപ്പിക്കാനുള്ള സാദ്ധ്യത ഇന്ത്യൻ പ്രൊഫഷണലുകൾക്ക് ആശങ്കയുണ്ടാക്കുന്നു.

ഇന്ത്യയുമായുള്ള സൗഹൃദബന്ധം ആവർത്തിച്ച് ഉയർത്തിക്കാട്ടുന്ന അമേരിക്കയുടെ ഈ നീക്കം ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക തൊഴിൽ ബന്ധങ്ങളുടെ പശ്ചാത്തലത്തിലും ചർച്ചയാകുകയാണ്.

പിണറായിക്കെതിരെ എഫ്.ഐ.ആർ: വിധി പരിശോധിച്ച ശേഷം തീരുമാനിക്കുമെന്ന് ചെന്നിത്തല

തിരു : സി.എം.ആർ.എൽ – എക്സാലോജിക് മാസപ്പടി കേസിൽ പിണറായിക്കെതിരെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നതിൽ ഹൈക്കോടതി വിധി പരിശോധിച്ച ശേഷം തീരുമാനമെടുക്കുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. കോടതി വിധി വായിച്ചതിന് ശേഷം മാത്രമേ ഇക്കാര്യത്തിൽ എന്തെങ്കിലും പറയാൻ കഴിയുകയുള്ളൂവെന്നും മന്ത്രി പറഞ്ഞു. എസ്.ഐ.ടി രൂപീകരിച്ചത് നിയമവിരുദ്ധമാണെന്ന വാദം മന്ത്രി തള്ളി.

സമാന കേസുകളിലെ മുൻ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ് എസ്.ഐ.ടി രൂപീകരിച്ചത്. ഇത്തരം അഞ്ച് കേസുകളിൽ, പ്രാഥമിക അന്വേഷണം നടത്തിയതിന് ശേഷം എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യണമെന്നായിരുന്നു സുപ്രീം കോടതി ഉത്തരവിട്ടിരുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇങ്ങനെ ഒരു നിയമോപദേശം ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് എസ്.ഐ.ടി രൂപീകരിച്ചത്. പി.എം.എൽ.എ ആക്ട് അനുസരിച്ച് ഇ.ഡി ഡി.ജി.പിക്ക് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിയമോപദേശം തേടിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് എസ്.ഐ.ടി രൂപീകരിച്ചത്. എസ്.ഐ.ടി നടപടിയുമായി മുന്നോട്ട് പോകുന്നതിനിടെയാണ് കോടതി വിധി വന്നത്. എസ്.ഐ.ടി രൂപീകരിച്ച ഉത്തരവ് കോടതി റദ്ദാക്കി.

കെ.എം. ഷാജഹാൻ നൽകിയ ഹർജി പൂർണ്ണമായി അംഗീകരിച്ചുകൊണ്ടാണ് ജസ്റ്റിസ് എ. ബദറുദ്ദീന്റെ ബെഞ്ച് നിർണായക വിധി പ്രസ്താവിച്ചത്. കേസിൽ നേരിട്ട് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യേണ്ടതില്ലെന്നും പ്രാഥമിക അന്വേഷണം നടത്തിയാൽ മതിയെന്നുമായിരുന്നു സംസ്ഥാന സർക്കാരിന്റെയും അഡ്വക്കേറ്റ് ജനറലിന്റെയും നിലപാട്. എന്നാൽ ഇ.ഡി സീൽ ചെയ്ത കവറിൽ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച കോടതി, എഫ്ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താനുള്ള വ്യക്തമായ വിവരങ്ങളും വസ്തുതകളും ഇതിലുണ്ടെന്ന് കണ്ടെത്തി. സർക്കാരിന്റെ പ്രാഥമിക പരിശോധന എന്ന നിലപാടിനെ തള്ളിയാണ് കോടതി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ നിർദ്ദേശിച്ചത്. ഹൈക്കോടതി ഉത്തരവോടെ പിണറായിയും റിയാസും വീണയും കേസിൽ പ്രതിസ്ഥാനത്തേക്ക് വരികയും അന്വേഷണം നേരിടേണ്ടി വരികയും ചെയ്യും.

15000 പോലീസുകാർ, 11000–ലധികം അർദ്ധസൈനികർ, 5 കമ്പനി വനിതാ ഉദ്യോഗസ്ഥർ; പാറ്റകളെ നേരിടാൻ ഡൽഹിയിൽ വൻ സന്നാഹം

ന്യൂഡൽഹി: വോട്ടർപട്ടിക അട്ടിമറി ആരോപിച്ചും മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ടും കോക്രോച്ച് ജനതാ പാർട്ടി പ്രഖ്യാപിച്ച ശനിയാഴ്ചത്തെ ജന്തർ മന്തർ 2.0 പ്രക്ഷോഭത്തെ നേരിടാൻ വൻ സന്നാഹവുമായി ഡൽഹി പോലീസ്. സമരം നേരിടുന്നതിനായി രാജ്യത്തുടനീളം ആയിരക്കണക്കിന് യുവാക്കളെ തടങ്കലിലാക്കിയിട്ടുണ്ടെന്ന് സിജെപി സ്ഥാപകൻ അഭിജിത് ദീപ്കെ ആരോപിച്ചു.

‘ഒക്ടോബർ 10ന് ഞങ്ങൾ നടത്താനിരിക്കുന്ന പ്രതിഷേധത്തിന് മുന്നോടിയായി, രാജ്യത്തുടനീളം ആയിരക്കണക്കിന് യുവാക്കളെ ബിജെപി സർക്കാർ തടങ്കലിലാക്കിയിരിക്കുന്നു. മോദി, ഈ ഭീഷണിപ്പയറ്റൊന്നും വിലപ്പോവില്ല. ഈ രാജ്യത്തെ യുവാക്കൾക്ക് ഇനി നിങ്ങളെ ഒട്ടും ഭയമില്ല. നാളെ ഞാൻ ഡൽഹിയിലെത്തും; എന്തുതന്നെ സംഭവിച്ചാലും ജന്തർ മന്തറിലേക്ക് മാർച്ച് നടത്തുക തന്നെ ചെയ്യും’, ദീപ്കെ എക്സിൽ കുറിച്ചു.

സമരത്തെ നേരിടാൻ വൻ സുരക്ഷാവിന്യാസം പോലീസ് നടത്തുന്നുണ്ട്. പ്രതിഷേധത്തിൽ സ്ത്രീ പ്രക്ഷോഭകരുടെ വലിയ പങ്കാളിത്തം മുൻകൂട്ടി കണ്ട്, ആൾക്കൂട്ടത്തെ നിയന്ത്രിക്കാൻ ഡൽഹി പോലീസ് അഞ്ഞൂറോളം അധിക വനിതാ അർദ്ധസൈനിക ഉദ്യോഗസ്ഥരെ നിയോഗിക്കും.

11000–ലധികം അധിക അർദ്ധസൈനികരെ വിന്യസിക്കുന്നതിന് പുറമെയാണ് അഞ്ച് കമ്പനി വനിതാ ഉദ്യോഗസ്ഥരെ കൂടി ഇറക്കുന്നത്. ഇതോടെ സി.എ.പി.എഫ് ഉദ്യോഗസ്ഥരുടെ മൊത്തം അംഗബലം ഏകദേശം 26,000 ആയി ഉയരും. 2020 ലെ വടക്കുകിഴക്കൻ ഡൽഹി കലാപത്തിനുശേഷം തലസ്ഥാനത്ത് ഇത്രയധികം ഉദ്യോഗസ്ഥരെ വിന്യസിക്കുന്നത് ആദ്യമാണ്.

ഡൽഹി പോലീസ് വനിതാ ഉദ്യോഗസ്ഥരുടെ വിന്യാസത്തിന് പുറമെയായിരിക്കും ഈ അധിക വനിതാ അർദ്ധസൈനിക ഉദ്യോഗസ്ഥരുടെ വിന്യാസം. ഡൽഹി പോലീസിന്റെ 15000–ഓളം ഉദ്യോഗസ്ഥരും സുരക്ഷയ്ക്കുണ്ടാകും. വിദ്യാർഥികളെ കൂട്ടത്തോടെ താമസിപ്പിക്കുന്നത് ഒഴിവാക്കാൻ ഹോസ്റ്റൽ ഉടമകൾക്കും മറ്റും ഡൽഹി പോലീസ് കർശന നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

ഒക്ടോബർ 10-ന് ഉച്ചയ്ക്ക് രണ്ടു മണിവരെ ന്യൂഡൽഹി, ഹസ്രത്ത് നിസാമുദ്ദീൻ സ്റ്റേഷനുകളിലെത്തുന്ന എല്ലാ മെയിൽ, എക്സ്പ്രസ് ട്രെയിനുകളും റദ്ദാക്കിയതായി റെയിൽവേ വൃത്തങ്ങൾ അറിയിച്ചു. ഈ സ്റ്റേഷനുകൾക്ക് ചുറ്റുമുള്ള പ്രദേശങ്ങളിൽ കടുത്ത ഗതാഗതക്കുരുക്ക് ഉണ്ടാകാൻ സാധ്യതയുള്ളതിനാലാണ് ട്രെയിനുകൾ റദ്ദാക്കുന്നതെന്നാണ് വിശദീകരണം. എന്നാൽ, സിജെപി പ്രതിഷേധങ്ങൾക്കെത്തുന്നവരെ തടയുന്നതിനുള്ള നീക്കങ്ങളുടെ ഭാഗമായാണ് നടപടിയെന്നാണ് സൂചന.

പ്രതിഷേധങ്ങളുടെ പശ്ചാത്തലത്തിൽ, ഇന്ന് രാത്രി മുതൽ 57 മെട്രോ സ്റ്റേഷനുകൾ അടച്ചിടാനും ഡൽഹി പോലീസ് മെട്രോ അധികൃതർക്ക് നിർദേശം നൽകിയിട്ടുണ്ട്.

കോടതി പരസ്യം

ബഹു.കുന്നംകുളം കുടുംബകോടതി മുമ്പാകെ

OP 387/2026

ജാൻസി.കെ.എം
-ഹർജിക്കാരി

തൃശ്ശൂർ ജില്ല ചാവക്കാട് താലൂക്ക് കടപ്പുറം വില്ലേജ് അഞ്ചങ്ങാടി ദേശത്ത് കടപ്പുറം പി.ഒ., പിൻ 680 514 പുത്തൻപുരയിൽ സെയ്തുമുഹമ്മദ് മകൻ 36 വയസ്സ് സൈനുദ്ദീൻ പി.എസ്.
-1-ാം എതൃകക്ഷി

മേൽ നമ്പർ ഹർജിയിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചു നടത്തുവാൻ കൽപ്പിച്ച് കേസ്സ് **29–10–2026** തിയ്യതിയിലേക്ക് വിചാരണക്കുവെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. മേൽ കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് കോടതി മുമ്പാകെ ഹാജരായി ബോധിപ്പി ക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം മേൽ നമ്പർ ഹർജി നിങ്ങളെ കൂടാതെ തീർച്ചപ്പെടുത്തുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്
ഹരജിഭാഗംഅഡ്വക്കെറ്റ്
ബിന്ദു.ടി (ഒപ്പ്)
കുന്നംകുളം

കോടതി പരസ്യം

ബഹു.തൃശ്ശൂർ ചിട്ടി രജിസ്ട്രാർ/ ആർബിട്രേറ്റർ മുമ്പാകെ

Dispute No: **1419/2025**

പുത്തൂർക്കാവ് കുറീസ് (പുത്തൂർ പെന്റാ ചിറ്റ്സ്) പ്രൈവറ്റ് ലിമിറ്റഡ് പുത്തൂർ
-പരാതികക്ഷി

തൃശ്ശൂർ താലൂക്ക് ഒല്ലൂക്കര വില്ലേജ്, അയ്യപ്പൻകാവ് ദേശത്ത്, മുരിയാട്ടിൽ ജോണി ഭാര്യ ജോയ്സി മുരിയാട്ടിൽ
-2-ാം എതൃകക്ഷി

മേൽ നമ്പർ ഹരജിയിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്ത് നടത്തുവാൻ കല്പിച്ച് കേസ് **14–10–2026** തിയ്യതി വിചാരണ വെച്ചിരിക്കുന്ന വിവരം ഇതിനാൽ താങ്കളെ അറിയിച്ചുകൊള്ളുന്നു.

എന്ന്, 8–10–2026
പരാതികക്ഷിഭാഗം
അഡ്വക്കെറ്റ് :
വി. സുരേഷ്കുമാർ
(ഒപ്പ്)

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ മുമ്പാകെ

GOP. 714/2025

മുഹമ്മദ് യാസിഫ്, S/o സി എം യൂസഫ്, ചള്ളയിൽ വീട്, പള്ളിക്കര ദേശം, നന്നംമുക്ക് പി ഒ., ചങ്ങരംകുളം വില്ലേജ്, പൊന്നാനി താലൂക്ക്, മലപ്പുറം ജില്ല, പിൻ–679575 മുതൽപേർ
-ഹരജിക്കാർ

1) സി എം സുവൈബ, D/o മുഹമ്മദ് അബ്ദുൾറഹിമാൻ, ചേമ്പാലക്കാട്ടിൽ ഹൗസ്, കൊച്ചന്നൂർ ദേശം, അഞ്ഞൂർ വില്ലേജ്, കുന്നംകുളം താലൂക്ക്, തൃശൂർ ജില്ല–679562
2) അബ്ദുൾ റഹിമാൻ S/o മുഹമ്മദ് , ചേമ്പാലക്കാട്ടിൽ ഹൗസ്, കൊച്ചന്നൂർ ദേശം, അഞ്ഞൂർ വില്ലേജ്, കുന്നംകുളം താലൂക്ക്, തൃശൂർ ജില്ല–679562
3) സൈബുന്നീസ D/o അബ്ദുൾറഹിമാൻ, ചേമ്പാലക്കാട്ടിൽ ഹൗസ്, കൊച്ചന്നൂർ ദേശം, അഞ്ഞൂർ വില്ലേജ്, കുന്നംകുളം താലൂക്ക്, തൃശൂർ ജില്ല–679562
-എതൃകക്ഷികൾ

മേൽ നമ്പർ കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും ടിയാരുടെ വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **26–10–2026** തിയതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. നിങ്ങൾ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് വിചാരണ ചെയ്യുന്നതാണെന്ന വിവരം ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

എന്ന്, 8–10–2026
ഹരജിഭാഗം അഡ്വക്കെറ്റ്
എ എം. ഷാജൻ (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

ഗാന്ധിജയന്തി വാരാഘോഷങ്ങൾക്ക് സമാപനം

തൃശൂർ: ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെയും സർവ്വോദയ - ഗാന്ധിമാർഗ സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ ഒക്ടോബർ രണ്ട് മുതൽ സംഘടിപ്പിച്ചു വന്ന ഗാന്ധിജയന്തി വാരാഘോഷങ്ങൾക്ക് സമാപനമായി. വയലാ കൾച്ചറൽ സെന്ററിൽ നടന്ന സമാപന സമ്മേളനം മുൻ നിയമസഭ സ്പീക്കറും കസ്തൂർബാ ഗാന്ധി സ്മാരക ട്രസ്റ്റ് ദേശീയ ട്രസ്റ്റിയുമായ അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ സി. അജോയ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

സർവോദയ ദർശൻ ചെയർമാൻ എം. പീതാംബരൻ മാസ്റ്റർ തയ്യാറാക്കിയ 'സർവ്വോദയം: കാലവും കാഴ്ചപ്പാടും' എന്ന പുസ്തകത്തിന്റെ പ്രകാശനം കേരള സാഹിത്യ അക്കാദമി സെക്രട്ടറി എം. പി. സുരേന്ദ്രൻ നിർവ്വഹിച്ചു. ഗാന്ധി പീസ് ഫൗണ്ടേഷൻ വൈസ് ചെയർമാൻ വി. എസ്. ഗിരീശൻ മാസ്റ്റർ പുസ്തക പരിചയം നടത്തി. ചടങ്ങിൽ വെസ്റ്റ് ഫോർട്ട് എൻ. എസ്. എസ്. സ്കൂളിന് ഗാന്ധി സാഹിത്യ കൃതികൾ സമ്മാനിച്ചു.

ഗാന്ധിദർശൻ കോ-ഓർഡിനേറ്റർ വി. ഐ. ജോൺസൺ, സർവ്വോദയ ദർശൻ കൺവീനർ വി. പ്രസന്ന, സർവോദയ മണ്ഡലം നിവേദക് പി. എസ്. സുകുമാരൻ, ഗാന്ധി പീസ് ഫൗണ്ടേഷൻ സെക്രട്ടറി പി. ജെ. കുര്യൻ, വയലാ വാസുദേവൻ പിള്ള സ്മാരക ട്രസ്റ്റ് സെക്രട്ടറി വത്സല വാസുദേവൻപിള്ള, ജില്ലാ ഇൻഫർമേഷൻ ഓഫീസർ പ്രിയ കെ. ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിച്ചു.

ഇരിങ്ങാലക്കുട സബ് ഡിപ്പോയിൽ നിന്നും ആരംഭിച്ച 2 പ്രിയദർശിനി ബസുകളുടെ സർവീസ് തോമസ് ഉണ്ണിയാടൻ എംഎൽ എ ഉദ്ഘാടനം ചെയ്യുന്നു.

ഇരിങ്ങാലക്കുട കെ എസ് ആർ ടി സിയെ പഴയ പ്രതാപത്തിലേക്ക് കൊണ്ടുവരും തോമസ് ഉണ്ണിയാടൻ എം എൽ എ

2 സർവീസുകൾ കൂടി ആരംഭിച്ചു. എം എൽ എ ഫണ്ടിൽ നിന്നും ഒരു ബസ് അനുവദിച്ചു

ഇരിങ്ങാലക്കുട: കൂടുതൽ പ്രാദേശിക സർവീസുകളും സംസ്ഥാന, അന്തർ സംസ്ഥാന സർവീസുകളും ആരംഭിച്ച് കെ എസ് ആർ ടി സി യെ പഴയ പ്രതാപത്തിലേക്ക് കൊണ്ട് വരികയാണ് തന്റെ ലക്ഷ്യമെന്ന് തോമസ് ഉണ്ണിയാടൻ എം എൽ എ പറഞ്ഞു. സബ് ഡിപ്പോയിൽ നിന്നും ആരംഭിച്ച 2 പ്രിയദർശിനി ബസുകളുടെ സർവീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പട്ടണത്തിന്റെ പടിഞ്ഞാറൻ മേഖലയുടെ വികസനവും ഇതോടൊപ്പം നടക്കുമെന്നും കെ എസ് ആർ ടി സി യിലേക്ക് പുതിയ ബസുകൾ എത്തിക്കുന്നതിന്റെ ഭാഗമായി എം എൽ എ ഫണ്ടിൽ നിന്നും ഒരു ബസ് അനുവദിച്ചതായും എം എൽ എ പറഞ്ഞു.

നഗരസഭ സ്ഥിരം സമിതി അധ്യക്ഷൻ പ്രവീൺസ് ഞാറ്റുവെട്ടി അധ്യക്ഷത വഹിച്ചു. നഗരസഭ കൗൺസിലർമാരായ ബിന്ദു വിനയൻ, മാഗി വിൻസെന്റ് മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളായ ജോസ് മൂഞ്ഞേലി, പി ബി മനോജ്കുമാർ, കെ എൽ ജോസ്, സേതുമാധവൻ പറയംവളപ്പിൽ എന്നിവർ പ്രസംഗിച്ചു.

നിര്യാതനായി

രാജൻ

ഇരിങ്ങാലക്കുട : പൊറത്തിശ്ശേരി തോണിപറമ്പിൽ വേലായുധന്റെ മകൻ രാജൻ 91 നിര്യാതനായി ഭാര്യ : പരേതയായ സുശീല. മകൾ ബീന മരുമകൻ വേണുഗോപാൽ ചെറുമകൾ ദീപ്തി. പൗത്രൻ അദിത് കൃഷ്ണ, സംസ്കാരം വീട്ടുവളപ്പിൽ നടത്തി.

പോത്തോട്ടം മഹോത്സവം

കോലഴി: കർഷകരുടെ വിളകൾക്ക് നാശം സംഭവിക്കാതിരിക്കാൻ പ്രകൃതിക്ഷോഭങ്ങൾ ഇല്ലാതിരിക്കാൻ കാർഷിക കുടുംബങ്ങളിൽ ഐശ്വര്യം ഉണ്ടാകുവാൻ വേണ്ടി എല്ലാ വർഷവും തിരൂർ ദേശത്ത് നടത്തി വരുന്ന പോത്തോട്ടം മഹോത്സവം ഭക്തിസാന്ദ്രമായി. ജാതി മത ഭേദമന്യേ വളരെ അധികം ആളുകൾ തിരൂരിലെ ഈ നാടൻ കലാരൂപങ്ങളായ പോത്തോട്ട മത്സരം കാണുവാൻ നിരവധി ജനങ്ങൾ എത്തിയിരുന്നു. തിരൂർ ചെങ്ങാഴി ദേവി ക്ഷേത്രത്തിലെ കോമരം ടി കെ കുമാരൻ ആണ് കാർമികത്വം വഹിച്ചത് തിരൂർ പോട്ടൂർ മുളങ്കുന്നത്തുകാവ് കോലഴി ദേശങ്ങളുടെ നേതൃത്വത്തിലാണ് എഴുന്നുള്ളിവരുന്ന പോത്തുകളുടെ മത്സരം അരങ്ങേറുന്നത് ഹരിദാസ പാടുശ്ശേരി, ഷീജ പുത്തൻകുന്ന് എം.കെ ജയചന്ദ്രൻ, സതീഷ് കുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

കേരള അഡ്വക്കെറ്റ് ക്ലർക്ക്സ് അസോസിയേഷൻ തൃശൂർ ജില്ല ജോയിന്റ് സെക്രട്ടറിയായും അസ്സോസിയേഷന്റെ ചാലക്കുടി, ഇരിഞ്ഞാലക്കുട യൂണിറ്റുകളുടെ ചാർജ്ജ് ഭാരവാഹിയായും ചിന്തു ചന്ദ്രൻ എന്നവരെ തെരഞ്ഞെടുത്തു

അങ്കണവാടികളിലേക്ക് പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ്: ടെണ്ടർ ക്ഷണിച്ചു

തൃശൂർ: വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള ഒല്ലൂക്കര ഐ.സി.ഡി.എസ് പ്രൊജക്റ്റിലെ 157 അങ്കണവാടികളിലേക്ക് 2026-27 സാമ്പത്തിക വർഷത്തെ പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ വിതരണം ചെയ്യുന്നതിന് ടെണ്ടറുകൾ ക്ഷണിച്ചു. ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പങ്കെടുക്കാം.ഒക്ടോബർ 26-ന് ഉച്ചയ്ക്ക് രണ്ട് മണി വരെ ടെണ്ടറുകൾ സ്വീകരിക്കും. ടെണ്ടർ തുകയിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജുകൾ ഉൾപ്പെട്ടിരിക്കണം. വിതരണം ചെയ്യാനുദ്ദേശിക്കുന്ന ഇനങ്ങളുടെ സാമ്പിളുകളും സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ഒല്ലൂക്കര ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് ഓഫീസിൽ നിന്ന് ലഭിക്കും. ഫോൺ: 0487 2375756, 7034465377.

ഓർമ്മച്ചെപ്പ് ബ്രോഷർ പ്രകാശനം ചെയ്തു

തൃശൂർ: സെന്റ് തോമസ് കോളേജ് പൂർവ വിദ്യാർത്ഥി സംഘടന സ്റ്റാഴ്സ്, നവംബർ മാസത്തിൽ നടത്തുന്ന പൂർവ വിദ്യാർത്ഥി സംഗമത്തോടനുബന്ധിച്ചു പൂർവ വിദ്യാർത്ഥികൾക്കായി 'കലാലയ സ്മരണ'കളുടെ മത്സരം സംഘടിപ്പിക്കുന്നു. മത്സരത്തിന്റെ ബ്രോഷർ ദേശീയ ഫിലിം ക്രിറ്റിക്സ് അവാർഡ് നേതാവും കോളേജ് പൂർവ വിദ്യാർത്ഥിയുമായ പ്രൊഫ ഐ ഷണ്മുഖദാസ് പ്രകാശനം ചെയ്തു. സ്റ്റാഴ്സ് പ്രസിഡന്റ് സി എ ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ ഫാ ഡോ കെ എ മാർട്ടിൻ, സെക്രട്ടറി ജെയിംസ് മുട്ടിക്കൽ, ട്രഷറർ സി വി അജി, കൺവീനർ എം എ സാജൻ, സോണി ജോസ്, കെ ഡി വർഗീസ് ജോയ് തോട്ടാൻ, സിജോ ചിറക്കേകാരൻ, വി പി ജോസഫ്, വർഗീസ് പി ജെ, ജേക്കബ് എബ്രഹാം എന്നിവർ പ്രസംഗിച്ചു.

പ്രകൃതിപഠനയാത്ര സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട: വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് ആനന്ദപുരം ശ്രീകൃഷ്ണ ഹയർസെക്കൻററി സ്കൂളിലെ വിദ്യാർത്ഥികൾക്കു വേണ്ടി സംഘടിപ്പിച്ച പ്രകൃതിപഠന യാത്ര കണ്ണംകുഴി ഫോറസ്റ്റ് സ്റ്റേഷൻ ഗ്രേഡ് ഓഫീസർ ജെസ്റ്റോ മാത്യു ഉദ്ഘാടനം ചെയ്തു.സി.പി.ജോബിഅദ്ധ്യക്ഷനായിരുന്നു.തങ്കച്ചൻ പോൾ ആമുഖ ഭാഷണം നടത്തി.ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ സ്നേഹ സോജൻ, എം.വി.വിദ്യ എന്നിവർ ക്ളാസ് നയിച്ചു.നിഷാ കാർത്തികേയൻ,സന്ധ്യ പി.പി,വിനു മാധവ ദേവ് എന്നിവർ നേതൃത്വം നൽകി.

നാട്ടികയിലെ ടോൾ പിരിവ് താൽക്കാലികമായി നിർത്തിവെച്ചു; തീരുമാനം മന്ത്രി ഒ.ജെ. ജനീഷിന്റെ ഇടപെടലിൽ

തൃശൂർ: ദേശീയപാത 66-ൽ നിർമാണം പൂർത്തിയാകും മുമ്പ് നാട്ടിക ടോൾ പ്ലാസയിൽ വ്യാഴാഴ്ച രാവിലെ ആരംഭിക്കാനിരുന്ന ടോൾ പിരിവ് താൽക്കാലികമായി നിർത്തിവച്ചു. നിർമാണം പൂർത്തിയാകുന്നതുവരെ ടോൾ പിരിവ് നിർത്തിവെക്കാൻ ദേശീയപാത അതോറിറ്റിക്ക് നിർദേശം നൽകിയതായി പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.കെ. ബഷീർ അറിയിച്ചു. കായിക, യുവജന ക്ഷേമ വകുപ്പ് മന്ത്രി ഒ.ജെ. ജനീഷിന്റെ ഇടപെടലിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം.

സ്ഥലത്തെ പ്രശ്നങ്ങൾ മന്ത്രി ഒ.ജെ. ജനീഷ് പൊതുമരാമത്ത് വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറി എന്നിവരുമായി നടത്തിയ ചർച്ചയിൽ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

കൊടുങ്ങല്ലൂർ - കാപ്പിരിക്കാട് റീച്ചിൽ സർവീസ് റോഡുകളുടെയും പാലങ്ങളുടെയും നിർമാണം ഇതുവരെ പൂർത്തിയായിട്ടില്ല. ഈ സാഹചര്യത്തിൽ ടോൾ പിരിവ് ആരംഭിച്ചാൽ പ്രദേശത്ത് രൂക്ഷമായ ഗതാഗതക്കുരുക്കും ജനങ്ങൾക്ക് കടുത്ത ബുദ്ധിമുട്ടും ഉണ്ടാകുമെന്ന് ജില്ലാ കളക്ടറും ജില്ലാ പൊലീസ് മേധാവിയും റിപ്പോർട്ട് സമർപ്പിച്ചിരുന്നു. സർവീസ് റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയുള്ള ടോൾ പിരിവ് പ്രാദേശിക ഗതാഗതത്തെ ബാധിക്കുമെന്ന പരാതികൾ ഉയർന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് അടിയന്തരമായി സർവകക്ഷിയോഗം വിളിച്ച് റിപ്പോർട്ട് നൽകാൻ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജില്ലാ കളക്ടർക്ക് നിർദേശം നൽകിയത്.

ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചേർന്ന് സ്ഥലം സന്ദർശിച്ച് പരിശോധന നടത്താനും, സർവകക്ഷിയോഗം വിളിച്ച് ചേർത്ത് ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനും ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്

പ്രാദേശികവാസികളുടെ താത്പര്യങ്ങൾ സംരക്ഷിച്ചു കൊണ്ടുള്ള വികസനപ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻഗണന നൽകുന്നതെന്നും, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ വിഷയം പരിഹരിക്കുമെന്നും മന്ത്രി ഒ.ജെ. ജനീഷ് വ്യക്തമാക്കി.

കെ.പി.എസ്.ടി.എ പ്രതിഷേധ സായാഹ്നം

തൃശൂർ : കേന്ദ്ര സർക്കാരിന്റെ ജനാധിപത്യ വിരുദ്ധ പ്രവർത്തനങ്ങളിലും വോട്ട് ചോരിയിലും പ്രതിഷേധിച്ച ലോക സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയെയും, മുഖ്യമന്ത്രി വി ഡി സതീശൻ ഉൾപ്പെടെ യുള്ള നേതാക്കളെയും അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് കേരള പ്രദേശ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ തൃശൂർ ജില്ലാ കമ്മിറ്റി പ്രതിഷേധ സായാഹ്നം സംഘടിപ്പിച്ചു.ഡെപ്യൂട്ടി മേയർ എ പ്രസാദ് ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ കെ പി എസ് ടി എ ജില്ലാ പ്രസിഡന്റ് സി ജെ ദാമു അധ്യക്ഷത വഹിച്ചു. സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ജയപ്രകാശ് പാറപ്പുറത്ത് മുഖ്യ പ്രഭാഷണം നടത്തി.ജില്ലാ സെക്രട്ടറി അജിത്കുമാർ കെ എസ്, ട്രഷറർ ജിൽസൺ തോമസ് സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളായ ജെസ്ലിൻ ജോർജ്, ബിജു ബി, രമാദേവി,ജോഷി കെ വർക്കി,ആന്റോ പി തട്ടിൽ,ഷീല ഐ വി,ബിജോയ് എരണെ ഴത്ത്, ഡെന്നിമാത്യു, എന്നിവർ പ്രസംഗിച്ചു.

ജില്ലാ കായികമേള: 93 പോയിന്റോടെ ചാലക്കുടി ഉപജില്ല മുന്നിൽ

കുന്നംകുളം: കുന്നംകുളത്ത് നടക്കുന്ന ജില്ലാ കായികമേളയിൽ രണ്ടാം ദിവസം മത്സരങ്ങൾ പൂർത്തിയാകുമ്പോൾ ചാലക്കുടി ഉപജില്ല 93 പോയിന്റോടെ മുന്നിൽ. എട്ട് സ്വർണം, ഒൻപത് വെള്ളി, എട്ട് വെങ്കലം ഉൾപ്പെടെ 25 മെഡലുകളാണ് ചാലക്കുടിയുടെ താരങ്ങൾ സ്വന്തമാക്കിയത്.

ഒരു പോയിന്റ് മാത്രം വ്യത്യാസത്തിൽ 92 പോയിന്റുമായി തൃശൂർ ഈസ്റ്റ് ഉപജില്ല രണ്ടാം സ്ഥാനത്തുണ്ട്. ഒൻപത് സ്വർണം, ഏഴ് വെള്ളി, ഏഴ് വെങ്കലം ഉൾപ്പെടെ 23 മെഡലുകളാണ് തൃശ്ശൂർ ഈസ്റ്റ് ഉപജില്ല നേടിയത്. ആതിഥേയരായ കുന്നംകുളം ഉപജില്ല 63 പോയിന്റുമായി മൂന്നാം സ്ഥാനത്താണ്. 7 സ്വർണം, 4 വെള്ളി, 6 വെങ്കലം ഉൾപ്പെടെ 17 മെഡലുകൾ കുന്നംകുളം സ്വന്തമാക്കി.

52 പോയിന്റുമായി വലപ്പാട് ഉപജില്ല നാലാം സ്ഥാനത്തും 45 പോയിന്റുമായി തൃശ്ശൂർ വെസ്റ്റ് ഉപജില്ല ആഞ്ചാം സ്ഥനത്തുമാണ് ഉള്ളത്.

നിര്യാതനായി

തിലകൻ

ഇരിങ്ങാലക്കുട : എടക്കുളം പരേതനായ ഇലഞ്ഞി കോട്ടിൽ പാപ്പുവിന്റെ മകൻ തിലകൻ (72) നിര്യാതനായി ഭാര്യ: അരുണ മക്കൾ : ചിഞ്ചു,കിങ്ങിണി മരുമക്കൾ : ആഷിഷ്, അരുൺ സംക്കാരം പൂമംഗലം ശാന്തിതീരം ക്രിമിറ്റോറിയത്തിൽ നടന്നു.

യുവാവിന്റെ മരണം കൊലപാതകം

തൃശ്ശൂർ: വാടാനപ്പള്ളി കടപ്പുറത്ത് യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവം കൊലപാതകമെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ട്. ഫസൽ നഗർ രായംമരക്കാർ വീട്ടിൽ സലാമാണ് കൊല്ലപ്പെട്ടത്. ശരീരമാസകലം മുറിവും, വാരിയെല്ല് തകർന്നും ജനനേന്ദ്രിയത്തിൽ ഗുരുതര പരിക്കും ഉണ്ടെന്ന് പറയപ്പെടുന്നു.

കെടാവിളക്ക് സ്കോളർഷിപ്പ്; ഡാറ്റാ എൻട്രി ഒക്ടോ. 15 വരെ

തൃശൂർ: കേരളം സർക്കാർ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ കെടാവിളക്ക് സ്കോളർഷിപ്പ് ഡാറ്റാ എൻട്രി പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതി ഒക്ടോ.15 വരെ നീട്ടി. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പിന് അർഹത.

NOTIFICATION

I, SHAHANA E V, W/o.Subair K A, Kunnathuvalappil (H), Kattakampal P O, Thrissur Dt, PIN 680544 hereby inviting to the notice of the Public that my B.Com Co-Operation Exam Second year marklists of April 2012 withReg.Nos: PTAKBP0273 of University of Calicut has been irrecoverably lost during a travel and as such I intend to apply for the duplicate of B.Com Co-operation Exam Second year marklists. If anybody happens to get the original may kindly send the same or intimate the undersigned of the University.

Certified that the aforesaid facts are absolutely true.

(Sd/-)
SHAHANA E V
Place : Kattakampal
Date : 09-10-2026

കോടതി പരസ്യം

ബഹു.തൃശൂർ MACT കോടതി മുമ്പാകെ

OPMV 763/2020
EP 81/2026

വള്ളിയമ്മ W/o വേലായുധൻ etc
-ഹർജിക്കാർ

ഫ്രാൻസിസ് S/o ആന്റണി, കാട്ടുക്കാരൻ, പാറളം പി.ഒ, പാലക്കൽ ദേശം, വെങ്ങിണിശ്ശേരി, തൃശൂർ
- എതൃകക്ഷി

മേൽ നമ്പർ വിധി നടത്തു ഹർജി കാര്യത്തിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസ സ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ച് മേൽ നമ്പർ ഹർജി 16-11-2026 തിയ്യതിയിലേക്ക് വെച്ചിട്ടുള്ളതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്
വിധി ഉടമഭാഗം അഡ്വക്കെറ്റ്
നിസ ടി. പി (ഒപ്പ്)

കോടതി പരസ്യം

ബഹു.തൃശ്ശൂർ ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ മുമ്പാകെ

C. C. 463/2026

ജിതിഷ -ഹർജിക്കാരി

തൃശ്ശൂർ റീജിയണൽ വെഹിക്കിൾ ഓണേഴസ് ഡെവലപ്മെന്റ് & വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് മുതൽ പേർ
-എതൃകക്ഷികൾ

എതൃകക്ഷികൾ:-
1. തൃശ്ശൂർ റീജിയണൽ വെഹിക്കിൾ ഓണേഴസ് ഡെവലപ്മെന്റ് & വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ആർ.1474,യുണൈറ്റഡ് ടവർ, ലാലൂർ റോഡ്,അയ്യന്തോൾ ഔട്ട് പോസ്റ്റ്,എൽത്തുരുത്ത് പി.ഒ.,തൃശ്ശൂർ-680 611 സൊസൈറ്റിക്കുവേണ്ടി ടി സൊസൈറ്റിയുടെ ഇപ്പോഴത്തെ പ്രസിഡണ്ട് ബാബുരാജ് എന്നവർക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് മേൽനമ്പർ കേസ് 19-01-2027 തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 26-09-2026
ഹരജി ഭാഗം അഡ്വക്കെറ്റ്
M. R. രമേഷ് (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ കുടുംബ കോടതി മുമ്പാകെ

OP 224/2026

ബിനി D/o മാർക്കോസ്, കരമ്പനതൊടിയിൽവീട്, വട്ടായി ദേശത്ത്, കുണ്ടുക്കാട്, തൃശ്ശൂർ താലൂക്ക്
-ഹർജിക്കാരി

പ്രേംലാൽ S/oഅയ്യപ്പൻ 57 വയസ്സ് തോപ്പിൽ വീട്ടിൽ, എസ്സ് എൻ പുരം ദേശം, തെക്കുക്കര വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ
-എതിർകക്ഷി

എതിർകക്ഷിക്കുള്ള സമൻസ് ടിയാന്റെ വാസസ്ഥലത്തും, പത്രത്തിലും പതിച്ചു നടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് 28-11-2026 തിയ്യതിക്ക് വിചാരണക്ക് വച്ചിട്ടുള്ളതാണ്. മേൽ നമ്പർ കേസിൽ ആക്ഷേപമുള്ളപക്ഷം ടിയാൻ ടി തിയ്യതി 11 മണിക്ക് ബഹു കോടതി മുമ്പാകെ നേരിട്ടോ, വക്കീൽ മുഖാന്തിരമോ ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം താങ്കളെ കൂടാതെ തീർപ്പാക്കുമെന്നുമുള്ള വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 30-09-2026
ഹർജിഭാഗം അഡ്വക്കെറ്റ്.
സി.എസ്സ്. ജോഷി (ഒപ്പ്)

കോടതി പരസ്യം

ബഹു.തൃശ്ശൂർ ചിട്ടി രജിസ്ട്രാർ/ ആർബിട്രേറ്റർ മുമ്പാകെ

Dispute No: **1417/2025**

പുത്തൂർക്കാവ് കുറീസ് (പുത്തൂർ പെന്റാ ചിറ്റ്സ്) പ്രൈവറ്റ് ലിമിറ്റഡ് പുത്തൂർ
-പരാതികക്ഷി

1) തൃശ്ശൂർ താലൂക്ക് പുത്തൂർ വില്ലേജ്, ടി കുണ്ടുകുളം തോമുണ്ണി മകൻ കെ ടി സണ്ണി
2) തൃശ്ശൂർ താലൂക്ക് അണൂർ വില്ലേജ്, വരടിയം ദേശത്ത് പെല്ലിശ്ശേരി ലോനപ്പൻ മകൻ സെബസ്റ്റ്യൻ
-2, 3 എതൃകക്ഷികൾ

മേൽ നമ്പർ ഹരജിയിൽ 2, 3 എതൃകക്ഷികൾക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്ത് നടത്തുവാൻ കല്പിച്ച് കേസ് 14-10-2026 തിയ്യതി വിചാരണ വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 8-10-2026
പരാതികക്ഷിഭാഗം
അഡ്വക്കെറ്റ് :
വി. സുരേഷ്കുമാർ
(ഒപ്പ്)

കോടതി പരസ്യം

ബഹു.തൃശ്ശൂർ ചിട്ടി രജിസ്ട്രാർ/ ആർബിട്രേറ്റർ മുമ്പാകെ

Dispute No: **1416/2025**

പുത്തൂർക്കാവ് കുറീസ് (പുത്തൂർ പെന്റാ ചിറ്റ്സ്) പ്രൈവറ്റ് ലിമിറ്റഡ് പുത്തൂർ
-പരാതികക്ഷി

1) തൃശ്ശൂർ താലൂക്ക് പുത്തൂർ വില്ലേജ്, ചെറുമുക്ക് ദേശത്ത്, ചെറായി ശാലു ഭാര്യ ലിഷ്ണു ഷിബു
2) തൃശ്ശൂർ താലൂക്ക് പുത്തൂർ വില്ലേജ്, പൊന്നൂക്കര ദേശത്ത് ആലാട്ട് വാസു മകൻ മഹേന്ദ്രൻ
-1, 3 എതൃകക്ഷികൾ

മേൽ നമ്പർ ഹരജിയിൽ 1, 3 എതൃകക്ഷികൾക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്ത് നടത്തുവാൻ കല്പിച്ച് കേസ് 14-10-2026 തിയ്യതി വിചാരണ വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 8-10-2026
പരാതികക്ഷിഭാഗം
അഡ്വക്കെറ്റ് :
വി. സുരേഷ്കുമാർ (ഒപ്പ്)

VIZHINJAM INTERNATIONAL SEAPORT Ltd
Govt. of Keralam Undertaking
കേരളം സർക്കാർ
തിരമാലകൾ സാക്ഷി തീരത്തിന് പുതുയുഗപ്പുലരി
വിഴിഞ്ഞം മത്സ്യബന്ധനമേഖലയിൽ
₹ 500 കോടിയുടെ സർക്കാർ നിക്ഷേപം
പുതിയ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം ₹260 കോടി
നിലവിലെ മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണം ₹90 കോടി
രണ്ട് മത്സ്യബന്ധന തുറമുഖങ്ങളുടെയും സുരക്ഷ വർധിപ്പിക്കാൻ പുതിയ പുലിമുട്ട് ₹125 കോടി
മണ്ണെണ്ണ ആനുകൂല്യം കൈപ്പറ്റുന്നവർക്ക് നഷ്ടപരിഹാര ഉപജീവന സഹായം ₹35 കോടി
പദ്ധതികളുടെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ നിർവ്വഹിക്കുന്നു
09 ഒക്ടോബർ 2026
3 വൈകുന്നേരം മണിക്ക്
തെന്നൂർക്കോണം, വിഴിഞ്ഞം-പൂവാർ റോഡ്
bworld.digital
കടലിന്റെ മക്കൾക്ക് കേരളം സർക്കാരിന്റെ കരുതൽ